## ഗ്യാരന്റിയുമായി രാഹുൽ

# യു.ഡി.എഫ് അല്ലാതെ മറ്റാര് ?




## അങ്കത്തട്ട് ഉണർന്നു



പി സുധാകരൻ

### ഗ്യാരന്റികൾ

1. സ്ത്രീകൾക്ക് കെ.എസ്.ആർ.ടി.സി ബസ്സുകളിൽ സൗജന്യ യാത്ര.
2. വിദ്യാർത്ഥിനികൾക്ക് പ്രതിമാസം 1000 രൂപ.
3. ക്ഷേമ പെൻഷൻ 3000 രൂപയായി ഉയർത്തും.
4. കുടുംബങ്ങൾക്ക് 25 ലക്ഷത്തിന്റെ സൗജന്യ ആരോഗ്യ ഇൻഷുറൻസ് (ഉമ്മൻ ചാണ്ടി ആരോഗ്യ പദ്ധതി).
5. യുവസംരംഭകർക്ക് അഞ്ച് ലക്ഷം രൂപയുടെ പലിശരഹിത വായ്പ.
6. യുവസംരംഭകർക്ക് 5 ലക്ഷം രൂപയുടെ സൗജന്യ ഇൻഷുറൻസ്.
7. മുതിർന്ന പൗരന്മാർക്കായി പ്രത്യേക വകുപ്പ്.



നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി ലോക്സഭയിലെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുടെ ഉശിരൻ പ്രഖ്യാപനങ്ങൾ. പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ നയിച്ച പുതുയുഗ യാത്രയുടെ സമാപന സമ്മേളനത്തിലാണ് യു.ഡി.എഫ് പ്രവർത്തകരെ ആവേശം കൊള്ളിച്ച ഈ പ്രഖ്യാപനങ്ങൾ.



> കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക, സ്ത്രീകളെയും യുവാക്കളെയും ശാക്തീകരിക്കുക എന്നിവയാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യം വയ്ക്കുന്നതെന്ന് രാഹുൽ ഗാന്ധി പറഞ്ഞു. വിശദമായ പ്രകടന പത്രിക വരുംദിവസങ്ങളിൽ പുറത്തിറക്കുമെന്നും സൂചിപ്പിച്ചു. ഇൻഡ്യ- യു.എസ്. വ്യാപാരകരാറിലൂടെ പ്രധാനമന്ത്രി നരേന്ദ്ര മോദി രാഷ്ട്രത്തിന്റെ താത്പര്യങ്ങൾ ഡൊണാൾഡ് ട്രംപിന് അടിയറവ് വച്ചിരിക്കുകയാണെന്ന് ആരോപിച്ചു. ട്രംപ് നരേന്ദ്ര മോദിയെ വിരട്ടുമ്പോൾ നരേന്ദ്ര മോദി - പിണറായി വിജയനെയാണ് വിരട്ടുന്നതെന്ന് രാഹുൽ പറഞ്ഞു.

കേരളത്തിലെ ജനങ്ങളുടെ സാമൂഹിക സുരക്ഷ ഉറപ്പാക്കാനും സ്ത്രീകളെയും യുവാക്കളെയും ശാക്തീകരിക്കുന്നതിനും ലക്ഷ്യമിടുന്നവയാണ് ഇവ. സ്ത്രീകൾക്ക് കെ.എസ്.ആർ.ടി.സിയിൽ സൗജന്യ ബസ് യാത്ര. ഇത് സ്ത്രീകളുടെ യാത്രാസൗകര്യം വർദ്ധിപ്പിക്കുകയും കുടുംബങ്ങളുടെ ദൈനംദിന ചെലവ് കുറയ്ക്കുകയും ചെയ്യും. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്തേക്ക് കടന്നുവരുന്ന പെൺകുട്ടികളെ പ്രോത്സാഹിപ്പിക്കാനായി കോളെജ് വിദ്യാർത്ഥിനികൾക്ക് പ്രതിമാസം 1000 രൂപ നൽകും.

സാമൂഹിക ക്ഷേമ പെൻഷൻ 3000 രൂപയായി വർദ്ധിപ്പിക്കും. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് അർഹമായ സാമ്പത്തിക സുരക്ഷ ഉറപ്പാക്കാനാണിത്.

കുടുംബങ്ങൾക്ക് 25 ലക്ഷം രൂപയുടെ സൗജന്യ ഇൻഷുറൻസ്. ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതി’ എന്നായിരിക്കും ഇതിന്റെ പേര്. സാമ്പത്തിക ബാദ്ധ്യത ഇല്ലാതെ എല്ലാവർക്കും മികച്ച ചികിത്സ ലഭ്യമാക്കുകയാണ് ലക്ഷ്യം.

യുവസംരംഭകർക്ക് 5 ലക്ഷം രൂപ പലിശരഹിത വായ്പയായി നൽകും. സംരംഭങ്ങൾ തുടങ്ങുന്നതിനും തൊഴിലവസരങ്ങൾ കിട്ടുന്നതിനുമാണിത്. മുതിർന്ന പൗരന്മാർക്കായി പ്രത്യേക വകുപ്പ്, വയോജനങ്ങളുടെ ക്ഷേമം സംരക്ഷിക്കാനും അന്തസ്സ് എന്നിവ ഉറപ്പാക്കാനാണിത്.

കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക, സ്ത്രീകളെയും യുവാക്കളെയും ശാക്തീകരിക്കുക എന്നിവയാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യം വയ്ക്കുന്നതെന്ന് രാഹുൽ ഗാന്ധി പറഞ്ഞു. വിശദമായ പ്രകടന പത്രിക വരുംദിവസങ്ങളിൽ പുറത്തിറക്കുമെന്നും സൂചിപ്പിച്ചു.

ഇൻഡ്യ- യു.എസ്. വ്യാപാരതകരാറിലൂടെ പ്രധാനമന്ത്രി നരേന്ദ്ര മോദി രാഷ്ട്രത്തിന്റെ താത്പര്യങ്ങൾ ഡൊണാൾഡ് ട്രംപിന് അടിയറവ് വച്ചിരിക്കുകയാണെന്ന് ആരോപിച്ചു. ട്രംപ് നരേന്ദ്ര മോദിയെ വിരട്ടുമ്പോൾ നരേന്ദ്ര മോദി – പിണറായി വിജയനെയാണ് വിരട്ടുന്നതെന്ന് രാഹുൽ പറഞ്ഞു.

ജാഥാ ക്യാപ്റ്റൻ വി.ഡി. സതീശൻ, എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ, കെ.പി.സി.സി പ്രസിഡന്റ് സണ്ണി ജോസഫ് മുൻ കെ പി.സി.സി പ്രസിഡന്റുമാരായ കെ. മുരളീധരൻ, കെ. സുധാകരൻ, കേരളത്തിന്റെ ചുമതലയുള്ള എ.ഐ.സി.സി ജനറൽ സെക്രട്ടറി ദീപാ ദാസ് മുൻഷി, രമേശ് ചെന്നിത്തല, ശശി തരൂർ, കൊടിക്കുന്നിൽ സുരേഷ്, പ്രതിപക്ഷ ഉപനേതാവ് പി.കെ. കുഞ്ഞാലിക്കുട്ടി, യു.ഡി .എഫ് കൺവീനർ അടൂർ പ്രകാശ് എം.പി എം.എം. ഹസൻ, അബ്ദു സമദ് സമദാനി തുടങ്ങിയവർ പ്രസംഗിച്ചു. കേരള മുഖ്യമന്ത്രി പിണറായി വിജയൻ തന്റെ ജന്മ നാട്ടുകാരനാണെന്നു പറയാൻ ലജ്ജ തോന്നുന്നതായി കെ. സുധാകരൻ പറഞ്ഞു. തെരഞ്ഞെടുപ്പിൽ നൂറിലേറെ സീറ്റുകളുമായി യു.ഡി.എഫ് അധികാരത്തിൽ വരുമെന്ന് വി.ഡി. സതീശൻ പറഞ്ഞു. പുത്തരിക്കണ്ടം മൈതാനത്ത് വൻ ജനാവലി ചടങ്ങിൽ സാക്ഷ്യം വഹിച്ചു.